# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3245

## (11.05.2017 ലെ മറുപടിക്ക്)

## ചട്ടഞ്ചാൽ സബ് ട്രഷറി

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ** | **ഡോ. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ് ട്രഷറി നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ തെക്കിൽ വില്ലേജിൽ ചട്ടഞ്ചാൽ എന്ന സ്ഥലത്ത് സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ചട്ടഞ്ചാൽ സബ്ട്രഷറി പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ സ്ഥലം അനുവദിച്ചിട്ട് എത്ര വർഷമായി; | സ്ഥലം അനുവദിച്ചിട്ടുണ്ട്. 3 വർഷം |
| (സി) | അനുവദിച്ചിട്ടുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | നടപടി സ്വീകരിച്ചിട്ടുണ്ട്.ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടുകൂടി ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ചട്ടഞ്ചാൽ സബ്ട്രഷറിയുടെ ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**